**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1140** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂജല വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂജലവകുപ്പിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | **ഭൂജലവകുപ്പിന്റെ പ്രവർത്തനലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1. സുസ്ഥിര ഭൂജലലഭ്യത കൈവരിക്കുന്നതിനായി വിവിധ തരം ഭൂജല സംപോഷണ പദ്ധതികൾക്കായുള്ള സ്ഥാനനിർണ്ണയവും, നിർമ്മാണവും.**<br>**2. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പാക്കൽ.**<br>**3. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽ കിണർ കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപണികൾ.**<br>**4. വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാന നിർണ്ണയം.**<br>**5. കുടിവെള്ളം, ജലസേചനം വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവയുടെ ആവശ്യങ്ങൾക്കുമുള്ള കിണറുകളുടെ (ബോർവെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണം, ഡവലപ്പിംഗ്, ലോഗിംഗ്, കിണറുകളുടെ ജലക്ഷമതാ പരിശോധന.**<br>**6. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജൽ ജീവൻ മിഷൻ, മറ്റ് സ്ഥാപനങ്ങൾ, എം.പി/ എം.എൽ.എ ഫണ്ട്, എസ്.സി. ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് എന്നിവ വിനിയോഗിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കൽ, സാങ്കേതിക സഹായം നൽകൽ.**<br>**7. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജൽ ശക്തി അഭിയാൻ പ്രോഗ്രാമിന്റെ ഭാഗമായ ജൽ സഞ്ജയ് ജൻ ഭാഗിധാരി എന്ന ഉദ്യമത്തിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും.** |

| | | | |
|---|---|---|---|
| | | | **8. ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള ആക്ടിന്റെ ഫലപ്രദമായ നടപ്പാക്കൽ.**<br>**9. സംസ്ഥാനത്തിലെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ.**<br>**10. ഭൂജലത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തൽ.**<br>**11. ഭൂജല നിരപ്പ്, ഗുണനിലവാരം എന്നിവയുടെ ഡാറ്റാ ശേഖരണവും, പഠന റിപ്പോർട്ടുകൾ തയ്യാറാക്കലും.**<br>**12. ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.**<br>**13. ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസരണം റാപ്പിഡ് റിസ്ക് അസ്സെസ്സ്മെന്റുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ടുകൾ തയ്യാറാക്കൽ.**<br>**14. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള പദ്ധതികൾക്കുള്ള സാങ്കേതിക സഹായം നൽകൽ.**<br>**15. നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ ഫലപ്രദമായ നടപ്പിലാക്കൽ.** |
| (ബി) | തീരദേശത്തെ കുഴൽക്കിണറുകളിലെ ഭൂജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | വകുപ്പിന്റെ തീരദേശത്തെ കുഴൽ കിണറുകളുടെ ജല ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ടി കിണറുകളുടെ ജലത്തിന്റെ ഹൈഡ്രോകെമിക്കൽ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ ഡാറ്റ വിശകലനം നടത്തുകയും ചെയ്തിരുന്നു. അതിനായി **pH, Electrical Conductivity, Turbidity, TDS, Total Hardness, Total Alkalinity, Calcium, Magnesium, Chloride, Sodium, Potassium, Sulphate, Nitrate, Carbonate, Bicarbonate, Iron** എന്നീ പരാമീറ്ററുകളുടെ പരിശോധനാഫലങ്ങൾ **BIS** ന്റെ **(ISO 10500:2012) Drinking water standard** മായി താരതമ്യ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ജലത്തിന്റെ ജലസേചനത്തിനുള്ള അനുയോജ്യതയും പഠനവിധേയമാക്കിയിട്ടുണ്ട്. മേൽ നിരീക്ഷണ കിണറുകളിൽ തുടർന്നും മോണിറ്ററിംഗ് നടന്നു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിന്റെ തീരദേശ മേഖലയിൽ എത്ര കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിവിധ ജില്ലകളുടെ തീരദേശത്ത് ഭൂജലവകുപ്പിന്റെ യന്ത്രങ്ങൾ നിർമ്മിച്ചതും കരാറുകാർ വഴി നിർമ്മിച്ചതുമായ കുഴൽക്കിണറുകളുടെ കണക്ക് തരം | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ജില്ലകളുടെ തീരദേശത്ത് ഭൂജലവകുപ്പിന്റെ യന്ത്രങ്ങൾ നിർമ്മിച്ചതും കരാറുകാർ വഴി നിർമ്മിച്ചതുമായ കുഴൽക്കിണറുകളുടെ കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 -ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | തിരിച്ച് ലഭ്യമാക്കാമോ; ജില്ലകൾ തമ്മിലുള്ള എണ്ണത്തിന്റെ അന്തരം എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പൊതു കുടിവെള്ള പദ്ധതികൾക്കും അപേക്ഷകർ ആവശ്യപ്പെടുന്നതനുസരിച്ചും തുക ഒടുക്കുന്നതിന്റെയും അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനാലാണ് ജില്ലകൾ തമ്മിൽ എണ്ണത്തിൽ അന്തരം ഉണ്ടാകുന്നത്. കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് കുഴൽക്കിണർ(റ്റ്യൂബ് വെൽ) കൂടുതലായി നിർമ്മിക്കുന്നത്. |
| (ഡി) | സർക്കാർ അംഗീകൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമാനുസൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണത്തിന് ഈ സർക്കാർ വന്നതിനുശേഷം എത്ര തുക പിഴ ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്.<br><br>നിയമാനുസൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണത്തിന് ഈ സർക്കാർ വന്നതിനുശേഷം **13,20,750/- രൂപ** (പതിമൂന്ന് ലക്ഷത്തി ഇരുപതിനായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം)പിഴ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം–2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| ക്രമ നം. | ജില്ല | തീരദേശ മേഖലയിൽ ഭൂജലവകുപ്പിന്റെ യന്ത്രങ്ങൾ നിർമ്മിച്ചതും കരാറുകാർ വഴി നിർമ്മിച്ചതുമായ കുഴൽക്കിണറുകളുടെ കണക്ക് |
|---|---|---|
| 1. | തിരുവനന്തപുരം | 16 (കരാറുകാർ മുഖേന) |
| 2. | കൊല്ലം | 170 (വകുപ്പിന്റെ യന്ത്രങ്ങൾ ഉപയോഗിച്ച്)<br>10 (കരാറുകാർ മുഖേന) |
| 3. | ആലപ്പുഴ | 296 (വകുപ്പിന്റെ യന്ത്രങ്ങൾ ഉപയോഗിച്ച്)<br>74 (കരാറുകാർ മുഖേന) |
| 4. | എറണാകുളം | 2 (കരാറുകാർ മുഖേന) |
| 5. | തൃശ്ശൂർ | 4 (കരാറുകാർ മുഖേന) |
| 6. | മലപ്പുറം | 2 (വകുപ്പിന്റെ യന്ത്രങ്ങൾ ഉപയോഗിച്ച്) |
| 7. | കണ്ണൂർ | 3 (കരാറുകാർ മുഖേന) |

Sd/-

**സെക്ഷൻ ഓഫീസർ**

അനുബന്ധം – 2

| ക്രമ നം. | ജില്ല | അനധികൃത കുഴൽക്കിണർ നിർമ്മാണത്തിന് പിഴ ഈടാക്കിയത് (രൂപ) |
|---|---|---|
| 1. | തിരുവനന്തപുരം | 18,000 |
| 2. | കൊല്ലം | 6,000 |
| 3. | പാലക്കാട് | 10,26,250 |
| 4. | മലപ്പുറം | 25,000 |
| 5. | വയനാട് | 1,50,000 |
| 6. | കാസർഗോഡ് | 95,500 |
| ആകെ | | 13,20,750/- |

സെക്ഷൻ ഓഫീസർ